# REVEALED DUAHS TO THE KHALIFATHULLAH

## Munir Ahmad Azim (ATBA)

Received on 15th March 2003 at 5.30 p.m.

1. ഏതൊരുവന്റെ സിംഹാസാനം ആകാശങ്ങളിലാണോ അവനു മാത്രമാണ് സർവ്വസ്തുതിയും.
2. ഏതൊരുവന്റെ ഖുദ്റത്തുകളാണോ (കഴിവുകൾ) ഭൂമിയിൽ വിരാചിക്കുന്നത് അവനുമാത്രമാണ് സർവ്വസ്തുതിയും
3. ഏതൊരു അല്ലാഹുവിന്റെ സ്മരണയാണോ യാത്രയിലൂടെനീളം നിഴലിക്കുന്നത് അവന് മാത്രമാണ് സർവ്വസ്തുതിയും
4. ഏതൊരുവന്റെ ദർശനമാണോ സ്വർഗ്ഗീയാരാമങ്ങളിൽ വിരാചിക്കുന്നത് അവന് മാത്രമാണ് സർവ്വസ്തുതിയും
5. ഏതൊരുവനോടുള്ള പ്രാർത്ഥനയാണോ ഖബ്റുകളിൽ അർപ്പിക്കുന്നത് അവനുമാത്രമണ് സർവ്വസ്തുതിയും
6. ഏതൊരുവന്റെ അധികാരമാണോ സൃഷ്ടികളിൽ വിളയാടുന്നത്, അവന് മാത്രമാണ് സർവ്വസ്തുതിയും
7. മഹത്വമുടയവനും, അത്യുന്നതനുമായ അല്ലാഹുവിലല്ലാതെ ഒരു അഭയസ്ഥാനമോ രക്ഷാസങ്കേതമോ ഇല്ല തന്നെ ! അങ്ങനെയുള്ളവനു മാത്രമാണ് സർവ്വസ്തുതിയും അവന്റെ സൃഷ്ടികളിൽ ശ്രേഷ്ഠനായ മുഹമ്മദ് (സ) യുടെ മേലും, അദ്ദേഹത്തിന്റെ കുടുംബാദികളുടെ മേലും, അദ്ദേഹത്തിന്റെ അനുചരന്മാരുടെ മേലും, അല്ലാഹു അനുഗ്രഹം ചൊരിയട്ടെ ! ഏറ്റവും വലിയ കാരുണ്യവനാനായവനെ, നിന്റെ കാരുണ്യത്താൽ, എനിക്കും ഞങ്ങളിൽ നിന്നുള്ള ഉത്തമരായവർക്കും നീ അത് പിന്തുടർച്ചയായി നല്കേണമെ !
8. അവന്റെ എല്ലാവിധ അനുഗ്രഹങ്ങൾക്കും, അവന് മാത്രം സ്തുതികളർപ്പിക്കുന്നു.
9. അവന്റെ എല്ലാവിധ അനുഗ്രഹങ്ങൾക്കും, അല്ലാഹുവിന് മാത്രമാണ് സർവ്വസ്തുതിയും

10. എല്ലാപ്രതികൂല അവസ്ഥകൾക്കും മുമ്പേ, സർവ്വസ്തുതിയും , അല്ലാഹുവിന് മാത്രമായി സമർപ്പിക്കുന്നു. സൃഷ്ടികുലോത്തമനായ മുഹമ്മദ് (സ)യുടെ മേലും അദ്ദേഹത്തിന്റെ കുടുംബത്തിന്റെ മേലും അല്ലാഹു (ത) അനുഗ്രഹങ്ങൾ ചൊരിയട്ടെ ! തമ്പുരാനെ നിന്നെ സ്നേഹിക്കുന്നവരുടെ സ്നേഹം പോലെ നീ അദ്ദേഹത്തെയും സ്നേഹിക്കേണമെ !

11. തമ്പുരാനെ, ഈ ജമാഅത്തുസ്സഹിഹീൽ ഇസ്ലാമിനെ, മുത്തഖീങ്ങളുടെ, ജമാഅത്താക്കേണമെ !

12. തമ്പൂരാനെ ! മുഹമ്മദ് (സ) ടെമേൽ, അനുഗ്രഹങ്ങൾ ചൊരിയേണമെ !

13. മുഹമ്മദ് (സ) ടെ മേൽ, കാരുണ്യം ഉള്ളിടത്തോളെ കാലം നീ കരുണ ചൊരിയണമെ !

14. മുഹമ്മദ് (സ) യുടെ മേൽ, അനുഗ്രഹങ്ങൾ ഉള്ളിടത്തോളം കാലം അനുഗ്രഹങ്ങൾ ചൊരിയണെമെ !

15. റുഹുകളിൽ നിന്ന് മുഹമ്മദ് (സ)യുടെ റൂഹ്ന് നീ അനുഗ്രഹങ്ങൾ ചൊരിയണെമെ !

16. രൂപങ്ങളിൽ നിന്ന് മുഹമ്മദ് (സ)യുടെ രൂപത്തിന് നീ അനുഗ്രഹങ്ങൾ ചൊരിയണെമെ !

17. നാമങ്ങളിൽ നിന്ന് മുഹമ്മദ് (സ) യുടെ നാമത്തിന് നീ അനുഗ്രഹങ്ങൾ ചൊരിയണെമെ !

18. നഫ്സുകളിൽ നിന്ന് മുഹമ്മദ്(സ)യുടെ നഫ്സിന് നീ അനുഗ്രഹങ്ങൾ ചൊരിയണെമെ !

19. ഹൃദയങ്ങളിൽ നിന്ന് മുഹമ്മദ്(സ)യുടെ ഹൃദയത്തിന് നീ അനുഗ്രഹങ്ങൾ ചൊരിയണെമെ !

20. ഖബ്റുകളിൽ നിന്ന് മുഹമ്മദ് (സ) യുടെ ഖബറിന് നീ അനുഗ്രഹങ്ങൾ ചൊരിയണെമെ !

21. ആരാമങ്ങളിൽ നിന്ന് മുഹമ്മദ് (സ) യുടെ രൂപത്തിന് നീ അനുഗ്രഹങ്ങൾ ചൊരിയണെമെ !

22. ശരീരങ്ങളിൽ നിന്ന് മുഹമ്മദ് (സ) യുടെ ശരീരത്തിന് നീ അനുഗ്രഹങ്ങൾ ചൊരിയണെമെ !

23. ശവകുടീരങ്ങളിൽ നിന്ന് മുഹമ്മദ് (സ) യുടെ ശവകുടീരത്തിന് നീ അനുഗ്രഹങ്ങൾ ചൊരിയണെമെ !

ഞങ്ങളുടെ നേതാവായ മുഹമ്മദ് (സ) ന്റെ മേൽ, അദ്ദേഹത്തിന്റെ കുടുംബത്തിന്റെ മേൽ, അദ്ദേഹത്തിന്റെ സഹചരന്മാരുടെ മേൽ, അദ്ദേഹത്തിന്റെ ഭാര്യമാരുടെ മേൽ, അദ്ദേഹത്തിന്റെ സന്താനങ്ങളുടെ മേൽ, അദ്ദേഹത്തിന്റെ അടുത്ത കുടുംബക്കാരുടെ മേൽ, അദ്ദേഹത്തിന്റെ സുഹൃത്തുക്കളുടെ മേൽ, മൊത്തത്തിൽ കാരുണ്യവാന്മാരിൽ ഏറ്റവും കുടുതൽ കരുണ ചൊരിയുന്നവനെ, നിന്റെ കാരുണ്യത്തിന്റെ അനുഗ്രഹങ്ങൾ ചൊരിയേണമെ !

NB : ഈ പ്രാർത്ഥനാ വെളിപാടിന്റെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം എന്നു പറയപ്പെട്ടിരിക്കുന്നിടത്ത്. യഥാർത്ഥത്തിൽ ജമാഅത്ത് അഹ്മദിയ്യാ അൽ മുസ്ലിമീൻ എന്നായിരുന്നു. ( 2003 അത് നിലനിന്നിരുന്ന സമയത്തായിരുന്നു ഈ വെളിപാട്) ജമാഅത്ത് അഹ്മദിയ്യ അൽ മുസിമീന്റെ യഥാർത്ഥ പേര് ഇപ്പോൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം എന്നാകുന്നു. ആയതിനാൽ നമ്മുടെ യഥാർത്ഥ നിലനില്പിനെ സൂചിപ്പിക്കാനായി, നമ്മുടെ ജമാഅത്തിന് ഇപ്രകാരം പേര് നല്കിയിരിക്കുന്നത്. ഇതനുസരിച്ചാണ് ഖലീഫത്തുല്ലാഹ് എല്ലാ ദിവസവും പ്രാർത്ഥിക്കുന്നത്. പരിഭാഷയില്ലാതെ ഇപ്രകാരം തന്നെയാണ് ഈ ദുആ അവതരിക്കപ്പെട്ടത്.

**Translated by:**
**R. Jamaluddin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**